LIBRARY ARCHIVES Kerala Legislative Assembly

കടുത്തുരുത്തി ബൈപ്പാസ് സർവ്വീസ് റോഡ് നിർമ്മാണം

55(2411) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

&

(ബി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പ്രൊപ്പോസൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്നറിയിക്കാമോ?

കൈമാറിയിട്ടില്ല.

വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ

56(2412) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ കേരളത്തിൽ എവിടെയൊക്കെ ഉപയോഗിച്ചിട്ടുണ്ട്; പ്രസ്തുത സാങ്കേതികവിദ്യ വ്യാപകമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യയായ വൈറ്റ് ടോപ്പിംഗ് ആലപ്പുഴ നഗര റോഡുകളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 12 ഇടനാഴികളിലായി 12.17 കി.മീ. നീളത്തിൽ വൈറ്റ് ടോപ്പിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 3.622 കി.മീ. വൈറ്റ് ടോപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും അവശേഷിക്കുന്ന പ്രവൃത്തികൾ പുരോഗതിയിലുമാണ്. ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് പ്രാഥമികമായ നിർമ്മാണ ചെലവ് കൂടുതലാണ്. നിർമ്മാണഘട്ടത്തിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ക്യൂറിംഗ് പിരീഡ് കണക്കാക്കേണ്ടതിനാൽ കൂടുതൽ ദിവസം വാഹന ഗതാഗതത്തിന് നിയന്ത്രണമേർപ്പെടുത്തേണ്ടതായി വരും. ആയതിനാൽ ഈ സാങ്കേതിക വിദ്യ വ്യാപകമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്.